രോഷം സിഖുകാർക്കെതിരെ തിരിഞ്ഞാൽ, അതിൽപ്പരം ഒരു സന്തോഷം സിഖ് തീവ്രവാദികൾക്ക വരാനില്ല. സിഖുകാർക്കും ഹിന്ദുക്കൾക്കും ഇടയിൽ നികത്താനാവാത്ത വിടവുണ്ടാക്കുകയാണ് അവർക്ക വേണ്ടതു്. ഇന്നല്ലെങ്കിൽ നാളെ ഖാലിസ്ഥാൻ എന്ന സ്വതന്ത്ര—പരമാധികാര—സിഖ്മതരാഷ്ട്രം പഞ്ചാബിൽ സ്ഥാപിക്കുവാനുള്ള മാർഗം ഇതാണെന്നു് അവർ കരുതുന്നു. ഈ ലക്ഷ്യം നേടാനായി, എത്ര വർഷത്തേക്ക വേണമെങ്കിലും അവർ കാത്തിരുന്നുകൊള്ളും. ഈ വസ്തുത, ഇന്ത്യയുടെ ഐക്യത്തിലും അഖണ്ഡതയിലും താല്പര്യമുള്ളവർ പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ടു്.

എന്നാൽ, സിഖുകാരെയും ഹിന്ദുക്കളെയും തമ്മിൽ യോജിപ്പിക്കുന്നതിനും, പഞ്ചാബിന്റെ പ്രശ്നങ്ങൾ ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ സമാധാനപരമായി പരിഹരിക്കുന്നതിനും ആവശ്യമായ മുൻകൈ ഇന്നു് കേന്ദ്രസർക്കാരിന്റെയോ, രാഷ്ട്രീയകക്ഷികളുടെയോ, പഞ്ചാബ് സർക്കാരിന്റെയോ, സാംസ്കാരിക—സാമൂഹ്യസംഘടനകളുടെയോ ഭാഗത്തുനിന്നു് ഉണ്ടാവുന്നില്ല. എല്ലാവരും ഏറെക്കുറെ മരവിച്ചുനില്ക്കുന്ന മട്ടാണ്. താല്ക്കാലിക രാഷ്ട്രീയലാഭങ്ങളിൽ കണ്ണുനട്ടുനില്ക്കുന്നവർക്ക് ദീർഘവീക്ഷണമോ, വിവേകമോ എങ്ങനെ ഉണ്ടാകാനാണ്!

ഇന്നത്തെ പരിതഃസ്ഥിതിയിൽ പാകിസ്ഥാൻ—ഇന്ത്യാ അതിർത്തി പൂർണമായും അടയ്ക്കുക അസാദ്ധ്യമാകുന്നു. കാവൽ എത്രമാത്രം ശക്തിപ്പെടുത്തിയാലും, വേണമെന്നുള്ളവക്ക് അങ്ങോട്ടോ, ഇങ്ങോട്ടോ ചോർന്നു കടക്കാൻ കഴിയും. പാകിസ്ഥാനിൽ പരിശീലനം നേടിയ തീവ്രവാദികളെസ്സംബന്ധിച്ച പൂർണവിവരങ്ങൾ കേന്ദ്രഗവണ്മെൻറ് ശേഖരിക്കുകയും, പഞ്ചാബ് ഗവണ്മെൻറിനു കൈമാറുകയുംചെയ്തിട്ടുണ്ട്. ഭീകരരെ നിഷ്ക്രിയരാക്കാനുള്ള കർമപരിപാടികൾ ഇനി കൈക്കൊള്ളേണ്ടതു് പഞ്ചാബ് ഗവണ്മെൻറിന്റെ ചുമതലയാണ്.

'ആരാധനാലയങ്ങൾ തീവ്രവാദികളും വിഭജനവാദികളും ദുരുപയോഗപ്പെടുത്തുന്നതു് അനുവദിച്ചുകൊടുത്തുകൂടാ. പ്രത്യേകിച്ചു് സുവർണ്ണക്ഷേത്രം രാജ്യദ്രോഹികൾ നിയമവിരുദ്ധമായി കൈയടക്കിവെച്ചിരിക്കുന്നതു തടയണം' എന്നു നാഷണൽ ഇൻടെഗ്രേഷൻ കൗൺസിൽ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയം അനുശാസിക്കുന്നു.

ഈ അനുശാസനം നടപ്പിൽവരുത്താനുള്ള കഴിവും മനസ്സും ബർണാലാ സർക്കാരിനു് ഉണ്ടാകുമോ?

കാത്തിരുന്നു കാണാം.

(9 ഏപ്രിൽ, 1986)

## 38. കുരുക്കു് കൂടുതൽ കുരുങ്ങുന്നു

1986 ഏപ്രിൽ 9—ാം തീയതി എഴുതിയ 'പഞ്ചാബ് ഏടാകൂടം' എന്ന ലേഖനത്തിൽ പിരി മുറുകി പൊട്ടാനടുത്തിരുന്ന പഞ്ചാബ് ദുരന്തനാടകത്തിലെ പ്രധാന പ്രതിസന്ധികളെപ്പററി ഞാൻ വിവരിച്ചിരുന്നു.

ജനുവരി 26—ാം തീയതി സുവർണക്ഷേത്രം പിടിച്ചടക്കി, അവിടെ ഖാലിസ്ഥാൻ പതാക ഉയർത്തിയ സിഖ് തീവ്രവാദികൾ, ഗുരുചരൺ സിംഹ് ടോഹ്റയുടെ അദ്ധ്യക്ഷതയിലുള്ള ശിരോമണി ഗുരുദ്വാരപ്രബന്ധക് സമിതി പിരിച്ചുവിടുകയും, അതിന്റെ സ്ഥാനത്തു്, ഗുരുദ്വാരകളുടെ ഭരണത്തിനു്, അഞ്ചു് അംഗങ്ങളടങ്ങിയ ഒരു 'പന്ഥിക്' കമ്മ

റി'യെ നിയമിക്കുകയുംചെയ്തിരുന്നു. പഞ്ചാബ് മുഖ്യമന്ത്രി ബർണാലയുടെ സഹായത്തോടെ വീണ്ടും തെരഞ്ഞെടുപ്പിൽ ജയിച്ച് ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിയുടെ അദ്ധ്യക്ഷനായിത്തീർന്ന ടോഹ്റയുടെ സക്രിയപ്രേരണയല്ലെങ്കിൽ മൗനാനുവാദമെങ്കിലും നേടിയാണ്, 1984 ജൂണിലെ 'ബ്ലൂസ്റ്റാർ' പട്ടാളനടപടിയെത്തുടർന്ന് വിമോചിതമായ സുവർണക്ഷേത്രത്തിൽ ഇരുനൂറോളം തീവ്രവാദികൾ വീണ്ടും ധാരാളം യന്ത്രത്തോക്കുകളും മററ് ആയുധങ്ങളുമായി കടന്ന് നിലയുറപ്പിച്ചത്. പക്ഷേ, സുവർണക്ഷേത്രം തങ്ങളുടെ കൈയിലായിക്കഴിഞ്ഞപ്പോൾ ഈ തീവ്രവാദികൾ ടോഹ്റയ്ക്കെതിരായി തിരിഞ്ഞു. താൻ അദ്ധ്യക്ഷനായുള്ള ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതി പിരിച്ചുവിട്ട്, വസ്സൻ സിംഹ്, ധന്നാ സിംഹ്, അത്ജർ സിംഹ്, ഗുർദേവ് സിംഹ്, ഗുർബചൻ സിംഹ് എന്ന അഞ്ചു പേരടങ്ങിയ 'പന്ഥിക് കമ്മററി'യെ ഗുരുദ്വാരകളുടെ ഭരണത്തിന് അവർ നിയമിച്ചത് ടോഹ്റയുടെ മുഖത്തു കിട്ടിയ അടിയായിരുന്നു. ക്രമേണ സുവർണക്ഷേത്രത്തിനു പുറമേ വേറെയും പല ഗുരുദ്വാരകളും തീവ്രവാദികൾ പിടിച്ചടക്കി; അവിടങ്ങളിൽ ആയുധങ്ങൾ സംഭരിക്കാനും തുടങ്ങി.

1986 ഫെബ്രുവരി 16-ാം തീയതി അകാലി പാർട്ടിയുടെ ആഹ്വാനമനുസരിച്ച് ആനന്ദ്പൂർസാഹിബ് ഗുരുദ്വാരയിൽ ചേർന്ന 'സർബത്ഖാൽസ' എന്ന സിഖ്സമ്മേളനം, സുവർണക്ഷേത്രത്തിൽനിന്ന് തീവ്രവാദികളെ നിഷ്കാസനംചെയ്ത് അവിടെ ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിയുടെ അധികാരം തിരികെ സ്ഥാപിക്കണമെന്ന് പഞ്ചാബ് ഗവണ്മെൻറിനോടു നിർദേശിച്ചു. ഇതിനെത്തുടർന്ന് ടോഹ്റ ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിയുടെ അദ്ധ്യക്ഷസ്ഥാനം രാജിവെച്ചു. വളണ്ടിയർമാരെയോ, പോലീസിനെയോ സുവർണക്ഷേത്രത്തിലയച്ച്, തീവ്രവാദികളെ പുറത്താക്കുന്നതിൽ, പഞ്ചാബ് മുഖ്യമന്ത്രി ബർണാല യാതൊരു ധൃതിയും കാട്ടുകയുണ്ടായില്ല. കൂടിയാലോചനകളിലൂടെ തീവ്രവാദികളെ ക്രമത്തിൽ മെരുക്കിയെടുക്കാമെന്ന് അദ്ദേഹം കരുതിയിരിക്കണം.

1986 ഏപ്രിൽ 29-ാം തീയതി ദില്ലിയിൽ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ അദ്ധ്യക്ഷതയിൽ നടന്ന ദേശീയ വികസന കൗൺസിലിന്റെ യോഗത്തിൽ മററു സ്റ്റേററുകളുടെ മുഖ്യമന്ത്രിമാരോടൊപ്പം ബർണാലയും പങ്കെടുത്തിരുന്നു. അമൃതസരസ്സിലെ സുവർണക്ഷേത്രം കൈയടക്കിയിരുന്ന തീവ്രവാദികൾ സുപ്രധാനമായ ഒരു പത്രസമ്മേളനം നടത്തിയതു് ഈ സമയത്താണ്. പന്ഥിക്കമ്മററിയിലെ അംഗങ്ങളും അഖിലേന്ത്യാ സിഖ് സ്റ്റുഡൻറ്സ് ഫെഡറേഷന്റെ കൺവീനർ ഹരീന്ദർ സിംഹ് കഹ്ലോണും ഈ പത്രസമ്മേളനത്തിൽ സന്നിഹിതരായിരുന്നു. ദില്ലി തലസ്ഥാനമായി ഖാലിസ്ഥാൻ സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നും, ഈ സ്വതന്ത്ര പരമാധികാര രാജ്യത്തിനുവേണ്ടി ഇന്ത്യയ്ക്കെതിരായുള്ള യുദ്ധം ആരംഭിച്ചിരിക്കുകയാണെന്നും ഈ പത്രസമ്മേളനത്തിൽ അവർ പ്രഖ്യാപിച്ചു. ദേശീയ വികസന കൗൺസിൽ യോഗം നടക്കുന്നതിനിടയ്ക്കു ലഭിച്ച ഈ വിവരം രാജീവ്ഗാന്ധി ബർണാലയെ അറിയിച്ചു. തുടർന്ന്, മററു സ്റ്റേററുകളിൽ ഇതിനെത്തുടർന്ന് സിഖുകാർക്കെതിരായി അക്രമസംഭവങ്ങൾ ഉണ്ടാകാതെനോക്കണമെന്ന നിർദ്ദേശം മുഖ്യമന്ത്രിമാർക്കു നൽകപ്പെട്ടു. ദേശീയ വികസന കൗൺസിൽ യോഗം ഇതോടെ നിർത്തിവയ്ക്കുകയുംചെയ്തു.

പിറേറന്ന് ഏപ്രിൽ 30-ാം തീയതി പഞ്ചാബിൽ തിരിച്ചെത്തിയ ബർണാല അടിയന്തിരമായി ഒരു മന്ത്രിസഭായോഗം വിളിച്ചുകൂട്ടി. സുവർണക്ഷേത്രത്തിലെ സംഭവവികാസങ്ങൾ സംബന്ധിച്ച് വേണ്ട

ത്തു് ഉടൻ ചെയ്യാൻ മന്ത്രിസഭ മുഖ്യമന്ത്രിയെ അധികാരപ്പെടുത്തി. അന്നേയ്ക്കു് അകാലി മന്ത്രിസഭ പഞ്ചാബിൽ അധികാരത്തിൽ വന്നിട്ടു് ഏഴു മാസം തികഞ്ഞിരുന്നു. സുവർണക്ഷേത്രം രണ്ടാമതും തീവ്രവാദികളുടെ കൈവശമായിട്ടു് നാലു മാസവും.

സുവർണക്ഷേത്രത്തിൽനിന്നു് അകാലികളെ തുരത്തുന്ന ചുമതല മുഖ്യമന്ത്രി ബർണാല ഏല്പിച്ചതു് പഞ്ചാബിലെ പോലീസ് ഡയറക്ടർ ജനറലായ മി. റിബൈറോവിനെയാണു്. ഏപ്രിൽ 30-ാം തീയതി വൈകുന്നേരം അഞ്ചുമണിക്കു് റിബൈറോ പ്രവർത്തനം ആരംഭിച്ചു. 4.50-നു് അതിർത്തി രക്ഷാസേനയുടെ ഏഴു കമ്പനികൾ ക്ഷേത്രം വളഞ്ഞു. ക്ഷേത്രപരിസരങ്ങളിൽ നിരോധനാജ്ഞ ഏർപ്പെടുത്തി. ആളുകൾക്കു് ഒഴിഞ്ഞുപോവാൻ പത്തു മിനിററു സമയം നൽകി. നാലു ജീപ്പുകളിൽ ഉയർന്ന ഉദ്യോഗസ്ഥരും പത്തു ട്രക്കുകളിൽ ഇരുനൂറു പോലീസുകാരും കൃത്യം അഞ്ചുമണിക്കു് സുവർണക്ഷേത്രത്തിൽ കടന്നു. രണ്ടു മണിക്കൂറുകൊണ്ടു്, ക്ഷേത്രപരിസരത്തിലെ ധർമ്മശാലകളും അഖിലേന്ത്യാ സിഖ്‌വിദ്യാർത്ഥി ഫെഡറേഷന്റെ ആപ്പീസും അവർ പരിശോധിച്ചു. നൂററമ്പതോളം ആളുകൾ തടഞ്ഞുവയ്ക്കപ്പെട്ടു.

പന്ഥിക് കമ്മററിയിലെ അഞ്ചംഗങ്ങളും മററു തീവ്രവാദികളും ഇതിനകം സുവർണക്ഷേത്രത്തിൽനിന്നു രക്ഷപ്പെട്ടിരുന്നു. ഒട്ടുവളരെ ആയുധങ്ങളും അവർ കടത്തിക്കൊണ്ടുപോയിരുന്നു. സുവർണക്ഷേത്രത്തിലെ 'അകാൽതഖ്‌തി'ന്റെ, ജത്ഥേദാർ ആയി പന്ഥിക് കമ്മററി നിയമിച്ച ഭായീ ഗുർദേവ്‌സിംഹ്, നൂററിരുപത്തഞ്ചോളം അനുയായികളോടെ, 'ഹർമന്ദിർസാഹിബ്' എന്നു് അറിയപ്പെടുന്ന സുവർണക്ഷേത്രത്തിന്റെ 'ശ്രീകോവി'ലിന്റെ മുകളിൽ ഒരു യന്ത്രത്തോക്കുമായി നിലയുറപ്പിച്ചിരുന്നു. വേറെയും, ഏതാണ്ടു് മുന്നൂറോളം ആളുകൾ സുവർണക്ഷേത്രത്തിലുണ്ടായിരുന്നു. പോലീസിന്റെ അനുനയത്തിനു വഴങ്ങി ഇവരിൽ നൂററമ്പതോളം ആളുകൾ ക്ഷേത്രത്തിനുള്ളിൽനിന്നു പുറത്തുവന്നു് പോലീസിനു കീഴടങ്ങി.

ഉണ്ടയില്ലാത്ത തോട്ട നിറച്ച തോക്കുകളും, പുകയും ശബ്ദവും ഉണ്ടാക്കുന്ന ഏറുപടക്കങ്ങളും വഹിച്ചുകൊണ്ടു്, മുന്നൂറോളം പട്ടാളക്കാരും ഇരുനൂറോളം പോലീസുകാരും ചെരിപ്പിടാതെ, തലയിൽ സിഖ് ആചാരം നിർദ്ദേശിക്കുന്ന ശിരോവസ്ത്രം ധരിച്ചു്, ക്ഷേത്രത്തിനകത്തു പ്രവേശിച്ചു. എന്തു ചെയ്താലും വെടിവയ്ക്കരുതെന്നായിരുന്നു അവർക്കു നൽകപ്പെട്ട നിർദ്ദേശം.

വെളുപ്പിനു് രണ്ടരമണിയാകുമ്പോഴേക്കു് പോലീസ് തങ്ങളുടെ ലക്ഷ്യം നേടി. ക്ഷേത്രപരിസരങ്ങളിലെ കെട്ടിടങ്ങളിൽ ഒന്നോ, രണ്ടോ മുറികളിൽ ചില്ലറ അഗ്നിബാധ ഉണ്ടായെങ്കിലും, ആരും മരിച്ചില്ല. എൺപതോളം തീവ്രവാദികൾ അറസ്റ്റ്‌ചെയ്യപ്പെട്ടു. സുവർണക്ഷേത്രത്തിലെ ഒരു ഗ്രന്ഥി (ഗ്രന്ഥസാഹിബ് പാരായണംചെയ്യുന്ന പുരോഹിതൻ) ആയ ജ്ഞാനിപൂരൺ സിംഹിന്റെ ഉപദേശപ്രകാരം രാവിലെ ആറുമണിക്കു് ഭായീഗുർദേവ്‌സിംഹ് ശ്രീകോവിലിന്റെ മേല്പുരയിൽനിന്നിറങ്ങി പോലീസിനു പിടികൊടുത്തു. തന്നെ സർക്കാർ ഏല്പിച്ച ചുമതല വിജയകരമായി പതിന്നാലു മണിക്കൂർക്കൊണ്ടു് മി. റിബൈറോ നിർവഹിച്ചു. പക്ഷേ, ഖാലിസ്ഥാനുവേണ്ടിയുള്ള യുദ്ധം ആരംഭിച്ചതായി പ്രഖ്യാപിച്ച പന്ഥിക് കമ്മററിയംഗങ്ങളും, സിഖ് വിദ്യാർത്ഥി ഫെഡറേഷൻ പ്രവർത്തകരും മററു് തീവ്രവാദി നേതാക്കളും ഇതിനു മുമ്പു് രക്ഷപ്പെട്ടിരുന്ന വിവരം മുമ്പു പറഞ്ഞുവല്ലോ?

1985 ആഗസ്റ്റിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ആകെയുള്ള 117 സീററുകളിൽ 73 സീററുകളും നേടി വലിയ ഭൂരിപക്ഷത്തോടെ

പഞ്ചാബിൽ അധികാരത്തിൽ വന്ന അകാലി പാർട്ടിയിൽ നെടുകെ ഒരു പിളർപ്പുണ്ടാകുന്നതിന് സുവർണക്ഷേത്രത്തിലെ പോലീസ്നടപടി കാരണമായിത്തീർന്നു. തന്റെ സഹമന്ത്രിമാരുമായി ആലോചിക്കാതെ, കേന്ദ്രഗവണ്മെന്റിന്റെ ദുരുപദേശങ്ങൾക്കു വഴിപ്പെട്ട്, സിഖ് സമൂഹം പരമപവിത്രമായിക്കരുതുന്ന സുവർണക്ഷേത്രം അശുദ്ധമാക്കിയെന്ന കുററം മുഖ്യമന്ത്രി ബർണാലയുടെമേൽ അദ്ദേഹത്തിന്റെ എതിരാളികളായ മുൻമുഖ്യമന്ത്രി ബാദൽ, മുൻശിരോമണി ഗുരുദ്വാരപ്രബന്ധക് സമിതി അദ്ധ്യക്ഷൻ ടോഹ്റ മുതലായ അകാലിനേതാക്കൾ ചുമത്തി. തങ്ങൾകൂടി ഉൾപ്പെട്ട മന്ത്രിസഭ അധികാരപ്പെടുത്തിയ ഒരു നടപടിയാണ് ശ്രീ ബർണാല ചെയ്തതെന്ന കാര്യം വിസ്മരിച്ച്, അദ്ദേഹത്തിന്റെ മന്ത്രിസഭയിൽനിന്ന് രണ്ടു മന്ത്രിമാർ രാജിവെച്ചു. അകാലി നിയമസഭാകക്ഷിയിലെ ഇരുപത്തൊമ്പതു് എം. എൽ. എ. മാർ മുഖ്യമന്ത്രിക്കെതിരാണ് തങ്ങളെന്നു പ്രഖ്യാപിച്ചു; ഇവർക്ക് ഒരു പ്രത്യേക പാർട്ടിയുടെ പദവി സ്പീക്കർ രാവി ഇന്ദർ സിംഹ് ധൃതിപിടിച്ചു നൽകുകയുംചെയ്തു. (രാവി ഇന്ദർ സിംഹ് പിന്നീട് സ്പീക്കർസ്ഥാനവും രാജിവെച്ചു.) ശേഷിച്ച നിയമസഭാംഗങ്ങളെ സ്വന്തം കക്ഷിയിൽത്തന്നെ നിർത്തുന്നതിനായി ബർണാല തന്റെ മന്ത്രിസഭ വികസിപ്പിക്കുകയും ഇരുപത്തൊന്ന് എം. എൽ. എ. മാർക്കുകൂടി പുതുതായി മന്ത്രിപദവി നൽകുകയുംചെയ്തു. ബർണാലയുടെ പാർട്ടിയിൽ ഇപ്പോഴുള്ള നാല്പത്തിനാലു് അംഗങ്ങളിൽ ഇരുപത്തൊമ്പതുപേരും മന്ത്രിമാരാണ്; ശേഷിച്ച പതിനഞ്ചുപേർക്കും വല്ല കോർപ്പറേഷനുകളുടെയും അദ്ധ്യക്ഷപദവിയോ, അത്തരം മറെറന്തെങ്കിലും ആനുകൂല്യങ്ങളോ, ലഭിക്കുന്നുണ്ടാവണം. അതേതായാലും, അകാലിമന്ത്രിസഭ വീഴാതെനോക്കുന്നതിൽ കോൺഗ്രസ്സുകാർക്ക് താല്പര്യമുള്ളതിനാൽ ബർണാലയ്ക്കു് നിയമസഭയിൽ അവിശ്വാസപ്രമേയത്തെ ഭയപ്പെടേണ്ടതില്ല.

സുവർണക്ഷേത്രത്തിൽനിന്നു തീവ്രവാദികൾ പുറത്താക്കിയിരുന്ന അഞ്ചു മുഖ്യ പുരോഹിതർ, പോലീസ്നടപടിക്കുശേഷം വീണ്ടും അകാൽ തഖ്തിലെത്തി. പോലീസുകാരെ അകത്തു കടത്തി സുവർണക്ഷേത്രം അശുദ്ധമാക്കിയ ബർണാല 'മതഭ്രഷ്ടൻ' ആണെന്ന് അവർ പ്രഖ്യാപിച്ചു. അഞ്ചു ഗുരുദ്വാരകളിൽ ചെന്ന് ഏഴു ദിവസം ആരാധകരുടെ ചെരുപ്പു തുടയ്ക്കുക, ഗുരുവാണി പാരായണംചെയ്യുക മുതലായ ചില പ്രായശ്ചിത്തകർമങ്ങൾ ചെയ്താൽ വീണ്ടും ബർണാലയെ മതത്തിൽ ചേർക്കുമെന്ന് അവർ വിധിച്ചു. അംഗരക്ഷകരോടൊപ്പം അഞ്ചു പ്രസിദ്ധ ഗുരുദ്വാരകളുടെ വാതിൽക്കൽ ചാക്കുവിരിയിൽ ചെന്നിരുന്നു ചെരുപ്പു തുടച്ച് ബർണാല മെയ് 26—ാം തീയതി പാപമോചനം നേടി. സഹപ്രവർത്തകർ കൈയൊഴിഞ്ഞ സ്ഥിതിക്ക് ബർണാലയ്ക്കു് ഇതല്ലാതെ മറെറാരു മാർഗവുമുണ്ടായിരുന്നില്ല. ആനന്ദ്പുർ സർബത് ഖൽസയുടെ (സിഖ് മഹാസമ്മേളനത്തിന്റെ) ആവശ്യപ്രകാരവും മന്ത്രിസഭ അധികാരപ്പെടുത്തിയതിനെ തുടർന്നും എടുത്ത നടപടിയാണെങ്കിലും, സുവർണക്ഷേത്രത്തിലേക്കു പോലീസിനെ അയച്ചതു തെററായിപ്പോയി എന്നു പരോക്ഷമായി സമ്മതിക്കുകയാണ് പ്രായശ്ചിത്തമനുഷ്ഠിക്കുകവഴി ബർണാല ചെയ്തതു്. തീവ്രവാദികൾ ഇനിയൊരിക്കൽക്കൂടി സുവർണക്ഷേത്രവും മററു ഗുരുദ്വാരകളും പിടിച്ചടക്കാവുന്നതേയുള്ളൂ. അങ്ങനെ അവർ ചെയ്യുന്നപക്ഷം, അവരെ പുറത്താക്കുന്നതിന് ഒരു മാർഗവും ഇതോടെ ഇല്ലാതായിരിക്കുകയാണ്. മതസ്ഥാപനങ്ങളിൽ എന്തു തന്നെ സംഭവിച്ചാലും അവിടെ പോലീസ് കടന്നുകൂടാ എന്ന നിയമവും ഇതോടെ നടപ്പിൽവന്നിരിക്കുന്നു.

അകാലി പാർട്ടിയിൽ ഉൾപ്പോരു് പരമാവധി ശക്തിപ്പെട്ടിരിക്കു

ന്നു. രാജിവെച്ച മന്ത്രിയും, മുൻ പാട്യാലാ രാജാവിന്റെ മകനുമായ അമരീന്ദ്രസിംഹ്, മുമ്പു രണ്ടു തവണ പഞ്ചാബ് മുഖ്യമന്ത്രിയും ഒരുതവണ കേന്ദ്രമന്ത്രിയുമായിരുന്ന ബാദൽ എന്നിവരുടെ കണ്ണ് മുഖ്യമന്ത്രിപദത്തിലാണെന്നു പറയപ്പെടുന്നു. ഭൈമീകാമുകന്മാർ വേറെയുമുണ്ടാവാം.

സുവർണക്ഷേത്രത്തിൽനിന്നു രക്ഷപ്പെട്ട തീവ്രവാദികൾ പഞ്ചാബിലെങ്ങും ക്രൂരമായ ഹിംസ അഴിച്ചുവിട്ടിരിക്കുകയാണ്. ആർക്കും ആരെയും കൊല്ലാമെന്നതാണ് പഞ്ചാബിൽ ഇന്നത്തെ നില. പോലീസ് ചില തീവ്രവാദികളെ പിടികൂടുന്നതായി പറയുന്നുണ്ടെങ്കിലും, പ്രശ്നത്തിന്റെ വക്കു തൊടുവാൻപോലും അവർക്കു കഴിഞ്ഞിട്ടില്ല.

1986 മെയ് 20–ാം തീയതിയിലെ 'സ്റ്റേറ്റ്സ്മാൻ' പത്രത്തിൽ അവരുടെ അമൃത്സർ ലേഖകൻ എഴുതി:

'അഗ്നിശമനസേന പഞ്ചാബിലെത്തി പക്ഷേ, പുകയും ചാരവുമല്ലാതെ മറ്റൊന്നും അവർക്കു ശമിപ്പിക്കാൻ' ഉണ്ടായിരുന്നില്ല. പഞ്ചാബിന്റെ ആത്മവീര്യം മരിച്ചിരിക്കുന്നു; ജനങ്ങൾ അതിന്റെ ദുഃഖം ആചരിക്കുകയാണ്. ഇതൊരു വിഷാദചിത്രമാവാം; പക്ഷേ, വാക്കുകൾകൊണ്ടു വിവരിക്കാവുന്നതിലേറെ ഇരുണ്ടതാണ് യാഥാർത്ഥ്യം. സ്ഥിതി ഇപ്പോൾ മോശമാണ്; ഇനിയങ്ങോട്ടു കൂടുതൽ മോശമാകാൻ പോകയുമാണ്.

'പല രാഷ്ട്രീയപാർട്ടികളുടെയും നേതാക്കൾ ഈയിടെ പഞ്ചാബിലെ ചില സ്ഥലങ്ങൾ സന്ദർശിക്കുകയും, ചെറിയ ഗ്രൂപ്പുകളോടു സംസാരിക്കുകയും, പത്രസമ്മേളനങ്ങൾ നടത്തുകയും, സമാധാനവും സമുദായമൈത്രിയും നിലനിർത്താൻ ജനങ്ങളോട് അഭ്യർത്ഥിക്കുകയും ഉണ്ടായി. സമാധാനവും സമുദായമൈത്രിയും തകർക്കുന്നതു ജനങ്ങളാണെന്ന് ഇവർ കരുതുന്നതുപോലെ! രക്ഷാസൈനികവലയത്തിനുള്ളിൽ ആപച്ഛങ്കകൂടാതെനിന്ന്, ഭീകരപ്രവർത്തകരെ ചെറുക്കാൻ ഇവർ ജനങ്ങളോടാവശ്യപ്പെട്ടു. തങ്ങൾ പറയുന്നതിന്റെ അർത്ഥം അവർ മനസ്സിലാക്കിയിരുന്നില്ല. ശരിക്കും ഭീകരപ്രവർത്തകരുടെ ശല്യമുള്ള സ്ഥലങ്ങളിൽ ഇവർ ആരും പോയതുമില്ല.

'ഫത്തേഹാബാദ് അത്തരമൊരു സ്ഥലമാണ്. ഇവിടെ ആറു യുവാക്കളെങ്കിലും കൊല്ലപ്പെട്ടിട്ടുണ്ട്. മെയ് 4–ാം തീയതിയാണ് ഇവിടത്തെ രണ്ടു യുവാക്കളെ ഒരു ബസ്സിൽനിന്നു പിടിച്ചിറക്കി വെടിവെച്ചു കൊന്നതു്. അതിനുശേഷം മിക്കപ്പോഴും ഇവിടെ കടകൾ അടഞ്ഞുകിടക്കുകയാണ്; പലരും വീടുകളിൽനിന്നു പുറത്തിറങ്ങാറില്ല. മെയ് 18–ാം തീയതി ഈ ലേഖകൻ ഈ ഗ്രാമം സന്ദർശിച്ചു. ഒരൊറ്റ രാഷ്ട്രീയപ്രവർത്തകനും അന്നോളം അങ്ങോട്ടു തിരിഞ്ഞുനോക്കിയിട്ടില്ല—അവിടെനിന്നു തെരഞ്ഞെടുപ്പിൽ ജയിച്ച് മന്ത്രിയായ അകാലി പാർട്ടി അംഗംപോലും! ആ സ്ഥലത്തുനിന്ന് ആളുകൾ ഹരിയാനയിലേക്കു പാർപ്പു മാറ്റാൻ തുടങ്ങിയിട്ടുണ്ടെങ്കിൽ എന്തത്ഭുതം?

'ഈ ലേഖകൻ ഈ പ്രദേശത്തു സഞ്ചരിച്ച രണ്ടു ദിവസങ്ങളിൽ, അവിടെ തീവ്രവാദികൾ ആറ് ആളുകളെ കൊന്നു; രണ്ടു പൊട്ടിത്തെറികളുണ്ടായി; ഏതാനും വാഹനങ്ങളും കുറെയേറെ പണവും അപഹരിക്കപ്പെട്ടു. ചിലപ്പോൾ അധികൃതർ ചില അറസ്റ്റുകളും നടത്തുന്നുണ്ട്. 'കടുത്ത തീവ്രവാദികൾ' എന്നു വിവരിക്കപ്പെടുന്ന ഇവർ, മിക്കപ്പോഴും സാധാരണ റൗഡികളാണ്. അവരിൽനിന്നു പിടിച്ചെടുക്കുന്ന ആയുധങ്ങളാകട്ടെ, നാടൻതോക്കുകളും. ഈ അറസ്റ്റുകൾ ജനങ്ങൾക്കു രക്ഷാബോധം ഉളവാക്കിയിട്ടില്ല. ചില തീവ്രവാദികളെയും പോലീസ് പിടികൂടിയിരിക്കാം; പക്ഷേ, പ്രശ്നപരിഹാരത്തിന് അതു പര്യാപ്തമല്ല, സ്ഥിതി വളരെ മെച്ചപ്പെട്ടിട്ടുണ്ടെന്നു സംസ്ഥാന—കേന്ദ്രഗവണ്മെ

ൻറുകളും പ്രസ്താവനകളും ഇറക്കുന്നതിനെ ജനങ്ങൾ പുച്ഛിച്ച് തള്ളുകയാണുചെയ്യുന്നതു്....ജനങ്ങൾ ക്രുദ്ധരാണ്. പഞ്ചാബിനുവേണ്ടിയല്ലാതെ സ്വന്തം നിലനിൽപിനുവേണ്ടി പൊരുതുന്ന സ്റ്റേററിലെ ഭരണകക്ഷിയേയും, പഞ്ചാബ് വെടിമരുന്നിൻകൂമ്പാരത്തിന്മേൽ ഇരിക്കുമ്പോൾ ആഫ്രിക്കയിൽ പര്യടനത്തിനു പോയ പ്രധാനമന്ത്രിയേയും, എല്ലാവരേയും അവർ വിമർശിക്കുന്നു. ഹരിയാനയിൽ തങ്ങളുടെ ഫൗണ്ടറികൾക്കു സ്ഥലം തേടുന്ന ബടാലയിലെ വ്യവസായികളും, ബോംബെയിലോ, ദില്ലിയിലോ, കല്ക്കത്തയിലോ രണ്ടാം പാർപ്പിടം അന്വേഷിക്കുന്ന പണക്കാരും, സ്ഥലം വിട്ടുപോയിത്തുടങ്ങിയ മററു സ്റ്റേററുകാരായ തൊഴിലാളികളും, ഒററപ്പെട്ടുപോയ ഇടത്തരക്കാരും ഒക്കെയാണ് ഇവിടെ ഇരിപ്പുമുറികളിലെ സംഭാഷണവിഷയം.

'ചണ്ഡീഗഢിൽനിന്നു് അമൃത്സറിലേക്കു നിങ്ങൾ പോകുമ്പോൾ, പിരിമുറുക്കം ഏറിയേറിവരുന്നതായി വഴിയിൽ നിങ്ങൾക്ക് അനുഭവപ്പെടുന്നു. ആളുകളിൽ പരിഭ്രമവും അനിശ്ചിതത്വവും വർദ്ധിച്ചുകാണുന്നു. അമൃത്സർ, ഗുരുദാസ്പൂർ എന്നീ നഗരങ്ങളിലെത്തുമ്പോൾ, പരിഭ്രമം മൂർധന്യാവസ്ഥയിലെത്തുന്നു. തീവ്രവാദികളുടെ പ്രവർത്തനരംഗങ്ങളായിരുന്ന ഗ്രാമങ്ങളിലും റോഡുകളിലും നിങ്ങളുടെ ഞരമ്പുകളിൽ ഈ പരിഭ്രമം നുരകുത്തുന്നു. 'ഇന്നു ആളെ കൊന്നതു് ഇവിടെയാണ്'', 'മറേറ ആളെ വെടിവെച്ചതു് അവിടെയാണ്'' എന്നു നാട്ടുകാർ നിങ്ങൾക്കു ചൂണ്ടിക്കാണിച്ചുതരുന്നു. നിങ്ങൾക്കു് അപ്പോൾ ഉണ്ടാകുന്നതു വല്ലാത്തൊരനുഭവമാണ്. വി. ഐ. പി. കൾക്കു് അതു് അറിയാനാവില്ല. ഭരണ—പ്രതിപക്ഷകക്ഷികളിലെ മുതിർന്ന അംഗങ്ങൾക്കും അതു മനസ്സിലാവില്ല. ഇവരൊക്കെ, ജനങ്ങളിൽനിന്നു് ഒററപ്പെട്ടു്, ചലിക്കുന്ന കൊട്ടാരങ്ങളിൽ അല്ലേ സഞ്ചരിക്കുന്നതു്? ലോഹം കണ്ടെത്തുന്ന യന്ത്രങ്ങളും, രക്ഷാസൈന്യനിരയും അവരെ ജനങ്ങളിൽനിന്നു് അകററിയിരിക്കുന്നു. അവർ എങ്ങനെ ജനങ്ങളുടെ മനസ്സു വായിച്ചറിയും? ഭരിക്കുന്ന അകാലികക്ഷി നേതാക്കൾക്കു് തമ്മിലടിയിൽ മാത്രമേ താല്പര്യമുള്ളു. സ്വന്തം പദവി രക്ഷിക്കാനുള്ള വെപ്രാളമാണ് അവർക്കു്. സ്ഥാനത്തും അസ്ഥാനത്തും ഭരണകക്ഷിക്കു് പിന്തുണ പ്രഖ്യാപിക്കാനേ എതിർകക്ഷിനേതാക്കൾക്കു നേരമുള്ളു. നിലത്തുള്ള യാഥാർത്ഥ്യം കണ്ടറിയാൻ പഞ്ചാബിൽ, ആർക്കും സമയമില്ല. അവർ എല്ലാവരും അപ്രസക്തരാണ്. ആ വസ്തുത അവർ മനസ്സിലാക്കുന്നില്ല. പക്ഷേ, ജനങ്ങൾ അതു മനസ്സിലാക്കിയിരിക്കുന്നു. ഈ പ്രദേശങ്ങളിൽ പ്രസക്തിയുള്ളതു തോക്കിനു മാത്രമാണ്. തീവ്രവാദികൾ, കലാപകാരികൾ ഈ രംഗം ഭരിക്കുന്നു. പല കാരണങ്ങളാൽ അവർക്കു ശക്തി ഏറിവരികയാണ്.

'പാടങ്ങളിലും ഫാക്ടറികളിലും കടകളിലും തെരുവുകളിലുമുള്ള ജനങ്ങൾ, സൈക്കിളുകളിലും റിക്ഷകളിലും സഞ്ചരിക്കുന്നവർ, സ്റ്റേററിൽ ഉടനീളം ധാന്യച്ചന്തകളിൽ ഭാരിച്ച ഗോതമ്പുചാക്കുകൾ ചുമക്കുന്ന അദ്ധ്വാനശാലികൾ, തണ്ടിൽ ശേഷിച്ച ധാന്യമണികൾ ഉതിർന്നു കിട്ടാൻ റോഡിൽ വൈക്കോൽ വിരിക്കുന്ന പാവങ്ങൾ—അവർ തകർച്ചയുടെ വക്കത്താണ്. അവരെപ്പററി ആരെങ്കിലും സംസാരിക്കേണ്ടിയിരിക്കുന്നു.

'ഫഗ്‌വാരയിൽ ഈ ലേഖകൻെറ സുഹൃത്തിൻെറ ആപ്പീസിലെ പ്യൂൺ നരകയറിയ ഒരു സിഖ് ആണ്. അയാളുടെ മകൻ കൽക്കത്തയിൽ ഡ്രൈവർജോലിനോക്കുന്നു. ഈ മകൻെറ ഭാവി, അമൃത്സറിൽ നടക്കുന്ന സംഭവങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു വിശ്വസിക്കുന്ന കിഴവൻ സിഖ്, അമൃത്സറിൽനിന്നുള്ള വാർത്തകൾ ഉത്കണ്ഠയോ

ടെ കേൾക്കുന്നു. സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ സഹായിച്ചാൽ കൊള്ളാമെന്നുണ്ട് കിഴവന്. പക്ഷേ അയാൾ നിസ്സഹായനാണ്. അതിനാൽ ഇന്നത്തെ കഴപ്പത്തിന് ഉത്തരവാദികളായ എല്ലാവരെയും അയാൾ പുളിച്ച പഞ്ചാബിത്തെറികൊണ്ട് അഭിഷേകംചെയ്യുന്നു.'

അമൃത്സർ, ഗുരുദാസ്പൂർ എന്നീ ജില്ലകളിൽനിന്നു വലിയ തോതിൽ ഹിന്ദുകുടുംബങ്ങൾ ഹരിയാനയിലേക്കും ദില്ലിയിലേക്കും മാറിപ്പാർക്കുന്നതായി റിപ്പോർട്ടുകളുണ്ട്. പകരം മററു സ്റ്റേററുകളിലെ സിഖുകാർ പഞ്ചാബിലേക്കും പ്രവഹിക്കുന്നുണ്ട്. ഭീതിമുഖമായ ഈ ജനപ്രവാഹം തടയാൻ പട്ടാളത്തെ ഉപയോഗപ്പെടുത്തണമെന്ന് പഞ്ചാബിലെ ആറ് കോൺഗ്രസ് എം. എൽ. എ. മാർ മെയ് 19—ാം തീയതി ഒരു പത്രപ്രസ്താവനയിൽ ആവശ്യപ്പെടുകയുണ്ടായി.

ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലാനോ, അവരുടെ ആവലാതികൾ കേൾക്കാനോ, അവരുടെ കണ്ണീർ തുടയ്ക്കാനോ, സാധ്യമായ സഹായം അവർക്കു നൽകാനോ ഒരു രാഷ്ട്രീയപ്രവർത്തകനും ഇന്നു തയ്യാറല്ല എന്നതാണു പഞ്ചാബിന്റെ ട്രാജഡി. ഇന്ത്യയുടെ ട്രാജഡിയും ഇതുതന്നെ. സ്റ്റേററ്സ്മാൻ പത്രത്തിന്റെ ലേഖകൻ പറയുംപോലെ, 'അദൃശ്യങ്ങളായ കൈകൾ വെടിവയ്ക്കുന്നു; സംഭ്രാന്തി ഉളവാക്കുന്നു; പോലീസ് വേണ്ടത്രയില്ല; ഉള്ളവർക്കുതന്നെ കഴിവില്ല; രാഷ്ട്രീയനേതൃത്വത്തിന് ഇതിലൊന്നും താത്പര്യമില്ല'—ഇതെല്ലാം ചേർന്ന് പഞ്ചാബിൽ അതിദാരുണമായ ഒരവസ്ഥ സൃഷ്ടിച്ചിരിക്കുന്നു.

ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലെ സ്ഥിതിയും ഏറെക്കുറെ ഇതുതന്നെയല്ലേ? ഫഗ്വാരയിലെ കിഴവൻ സിഖ് പൂൺ ചെയ്യുംപോലെ, നാടു കുട്ടിച്ചോറാക്കുന്ന കഴുവേറികളെ അടച്ചു തെറി വിളിക്കുകയല്ലാതെ, നിങ്ങളും ഞാനും വേറെ എന്തു ചെയ്യാനാണ്?

(27 മെയ്, 1986)

# 39. പഞ്ചാബിൽ ഇനിയെന്ത്?

1986 ജൂൺ 22—ാം തീയതി എഴുതിയ ലേഖനത്തിൽ, മെയ് അവസാനത്തിൽ പഞ്ചാബിലെ അസ്വസ്ഥമായ അന്തരീക്ഷം ഞാൻ വിവരിച്ചിരുന്നു. പഞ്ചാബിലെ അമൃത്സർ, ഗുരുദാസ്പൂർ എന്നീ ജില്ലകളിൽനിന്നു വലിയ തോതിൽ ഹിന്ദുകുടുംബങ്ങൾ ഹരിയാനയിലേക്കും ദില്ലിയിലേക്കും മററും മാറിപ്പാർക്കുകയായിരുന്നു അന്ന്; മററു സ്റ്റേററുകളിലെ ഏതാനും സിഖുകാർ പഞ്ചാബിലേക്കും മാറിപ്പാർത്തുകൊണ്ടിരുന്നു. ഹിന്ദുക്കൾക്കും സിഖുകാർക്കും ഇടയിലുള്ള വിടവ്, ഇനിയൊരിക്കലും നികത്താൻ സാധിക്കുമെന്ന് ആശിക്കാൻപോലും കഴിയാത്തവിധം, അന്നേക്കു വലുതായിക്കഴിഞ്ഞിരുന്നു. 'ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലാനോ, അവരുടെ ആവലാതികൾ കേൾക്കാനോ, അവരുടെ കണ്ണീർ തുടയ്ക്കാനോ, സാധ്യമായ സഹായം അവർക്കു നൽകാനോ' തയ്യാറുള്ള ഒരു രാഷ്ട്രീയപ്രവർത്തകനും പഞ്ചാബിൽ ഇല്ലെന്ന് ആ ലേഖനത്തിൽ ഞാൻ എഴുതി.

ഒരു വ്യത്യസ്തതയായി അന്നു പഞ്ചാബിലുണ്ടായിരുന്നതു് പോലീസ് ഡയറക്ടർ ജനറൽ മി.റിബൈറോ മാത്രമായിരുന്നു. അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന പഞ്ചാബ് പോലീസ്സേനയുടെ വീര്യം തികച്ചും നഷ്ടപ്പെട്ടിരുന്നു. ആ സേനയിലെ പല അംഗങ്ങൾക്കും ഭീകരപ്രവർത്